# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1823 | 04.05.2017 - ൽ മറുപടിയ്ക്ക് |
|---|---|

## വിദ്യാഭ്യാസ അനുബന്ധ സേവനങ്ങൾക്ക് സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | വിദ്യാഭ്യാസ അനുബന്ധ സേവനങ്ങൾക്ക് നൽകിയിരുന്ന സേവന നികുതി ഒഴിവ് പരിമിതപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് സേവന നികുതി നൽകേണ്ട സ്ഥാപനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (എ) & (ബി) | 20.06.2012 ൽ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച വിജ്ഞാപനം നം. 25/2012-ST ലെ ക്രമ നമ്പർ 9 പ്രകാരം വിദ്യാഭ്യാസ അനുബന്ധ സ്ഥാപനങ്ങൾക്ക് നൽകി വരുന്ന സേവന നികുതി പരിമിതപ്പെടുത്തുന്നതിന് നിലവിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. ജൂലൈ 1 മുതൽ ചരക്കുസേവന നികുതി പ്രാബല്യത്തിൽ വരുമ്പോൾ ചരക്കുകൾക്കും സേവനങ്ങൾക്കുമുള്ള നികുതി ഒഴിവുകളും നിരക്കുകളും നിശ്ചയിക്കുന്നത് ജി.എസ്.ടി കൗൺസിൽ ആണ്. ഇതിനുവേണ്ടി കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥ തലത്തിലുള്ള ഒരു fitment committee രൂപീകരിച്ചിട്ടുണ്ട്. ഇതുവരെ ചരക്കുകളുടെയും സേവനങ്ങളുടെയും ഒഴിവുകളും നിരക്കുകളും സംബന്ധിച്ച് വ്യക്തമായ ധാരണയായിട്ടില്ല. |
| (ബി) | ഏതെല്ലാം സേവനങ്ങൾക്കാണ് ഈ സ്ഥാപനങ്ങൾ സേവന നികുതി പുതിയതായി നൽകേണ്ടി വരുന്നത്; എത്ര ശതമാനമാണ് ഈയിനത്തിൽ ഈടാക്കാൻ ഉദ്ദേശിക്കുന്നത്; | | |
| (സി) | ചരക്ക സേവന നികുതി ഉൾപ്പെടുത്തുമ്പോൾ ഈ സേവന നികുതിയിൽ എന്ത് തരം മാറ്റത്തിനാണ് സാദ്ധ്യത പ്രതീക്ഷിക്കുന്നത്? | (സി) | ചരക്കുസേവന നികുതി നിലവിൽ വരുമ്പോൾ നിലവിലുള്ള സേവന നികുതി പൂർണ്ണമായും ഒഴിവാകും. തുടർന്ന് ചരക്കുസേവന നികുതി ഈടാക്കും. |

സെക്ഷൻ ഓഫീസർ